"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം-ബൈപ്പാസ് റോഡ് - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 476/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുക റിക്കുപ്പ് ചെയ്യുന്നതിനും, ബാലൻസ് തുക ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിനും - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

G.O.(Rt)No.1338/2025/LSGD **തീയതി, തിരുവനന്തപുരം, 30-05-2025**

---

പരാമർശം:-

1. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 476/2009 നമ്പർ കേസിന്മേലുള്ള 24/09/2012-ലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19/08/2023 തീയതിയിലെ എ3/1942/2013/ടിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22/04/2025 തീയതിയിലെ കെ10/8856/13 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം. 15, സർവ്വേ നം. 9-ൽഉൾപ്പെട്ട 0.50 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 476/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 17,25,914/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി പതിനാല് രൂപ മാത്രം)-യും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,45,129/- (രണ്ട് ലക്ഷത്തി നാല്പത്തയ്യായിരത്തി ഒരുന്നൂറ്റി ഇരുപത്തൊമ്പത് രൂപ മാത്രം)-രൂപയും ഉൾപ്പടെ ആകെ 19,71,043/- രൂപ (പത്തൊമ്പത് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാല്പത്തിമൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം ബൈപ്പാസ് റോഡ്

വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം. 15, സർവ്വേ നം. 9-ൽ ഉൾപ്പെട്ടതും ശ്രീമതി തങ്കം രാമചന്ദ്രന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.50 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 476/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 17,25,914/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി പതിനാല് രൂപ മാത്രം) റവന്യൂ വകുപ്പിലേക്ക് റിക്കൂപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,45,129/- രൂപ (രണ്ട് ലക്ഷത്തി നാല്പത്തയ്യായിരത്തി ഒരുന്നൂറ്റി ഇരുപത്തൊമ്പത് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് അനുവദിക്കുന്നതിനുമായി ആകെ 19,71,043/- രൂപ (പത്തൊമ്പത് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാല്പത്തിമൂന്ന് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

JOINT SECRETARY

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതിതങ്കം രാമചന്ദ്രൻ, 'താര', പൂന്തി റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ്, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/207/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 31-05-2025 13:59:59

സെക്ഷൻ ഓഫീസർ